LIBRARY ARCHIVES Kerala Legislative Assembly

വാടകയ്ക്ക് പ്രവർത്തിക്കുന്ന കെ.എസ്.ഇ.ബി. ഓഫീസുകൾ ഒഴിഞ്ഞു കൊടുക്കുന്നതിനുള്ള വ്യവസ്ഥകൾ

180 [893] ശ്രീ. യു. സി. രാമൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വാടകയ്ക്ക് പ്രവർത്തിക്കുന്ന കെ.എസ്.ഇ.ബി. ഓഫീസുകൾ കെട്ടിട ഉടമ ആവശ്യപ്പെട്ടാൽ ഒഴിഞ്ഞുകൊടുക്കുന്നതിനുള്ള വ്യവസ്ഥകൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ;

(ബി) ഈ വ്യവസ്ഥ അനുസരിച്ച് എവിടെയെങ്കിലും വാടക കെട്ടിടങ്ങൾ കെ.എസ്.ഇ.ബി. ഒഴിഞ്ഞുകൊടുത്തിട്ടുണ്ടോ;

(സി) എങ്കിൽ വിശദാംശം വ്യക്തമാക്കാമോ;

(ഡി) കോഴിക്കോട് ജില്ലയിലെ കുന്ദമംഗലം കെ.എസ്.ഇ.ബി. ഓഫീസ് ഒഴിഞ്ഞുകൊടുക്കണമെന്ന് കെട്ടിട ഉടമസ്ഥൻ സർക്കാരിനോട് അപേക്ഷിച്ചിട്ടുണ്ടോ;

(ഇ) എങ്കിൽ ഇതിന്മേൽ എന്ത് നടപടി സ്വീകരിച്ചു എന്ന് വിശദമാക്കാമോ?

ഉത്തരം

(എ) കെട്ടിട ഉടമ ബോർഡുമായി വച്ചിട്ടുള്ള എഗ്രിമെന്റ് കാലാവധിക്ക് ശേഷം കെട്ടിടം ഒഴിഞ്ഞുകൊടുക്കുന്നതാണ്. ഇതിനായി കെട്ടിടം ഉടമ കരാർ പ്രകാരം നിയമാനുസൃതമായി മുൻകൂട്ടി നോട്ടീസ് നൽകേണ്ടതുണ്ട്.

(ബി) ഉണ്ട്.

(സി) ഇപ്രകാരം ഒഴിഞ്ഞുകൊടുത്ത കെട്ടിടങ്ങൾ താഴെ പറയുന്നവയാണ്.

(1) ഇലക്ട്രിക്കൽ സെക്ഷൻ ഓഫീസ്, പേയാട്, തിരുവനന്തപുരം.
(2) ഇലക്ട്രിക്കൽ സെക്ഷൻ ഓഫീസ്, ചെങ്ങമനാട്, കൊട്ടാരക്കര.
(3) ഇലക്ട്രിക്കൽ സെക്ഷൻ ഓഫീസ്, ശ്രീകാര്യം, തിരുവനന്തപുരം.
(4) ഇലക്ട്രിക്കൽ സെക്ഷൻ ഓഫീസ്, തൈക്കാട്, തിരുവനന്തപുരം.
(5) ഇലക്ട്രിക്കൽ സെക്ഷൻ ഓഫീസ്, തിരുമല, തിരുവനന്തപുരം.
(6) ഇലക്ട്രിക്കൽ സെക്ഷൻ ഓഫീസ്, മാവുങ്കൽ, കാസർഗോഡ്.
(7) ഇലക്ട്രിക്കൽ സെക്ഷൻ ഓഫീസ്, കാരപ്പറമ്പ്, കോഴിക്കോട്.
(8) ഇലക്ട്രിക്കൽ സെക്ഷൻ ഓഫീസ്, നിലമ്പൂർ, മഞ്ചേരി (ഒഴിയാൻ തീരുമാനിച്ചു).
(9) ഇലക്ട്രിക്കൽ സെക്ഷൻ ഓഫീസ്, വടക്കഞ്ചേരി, പാലക്കാട്.
(10) ഇലക്ട്രിക്കൽ സെക്ഷൻ ഓഫീസ്, കൽപ്പാത്തി, പാലക്കാട്.
(11) ഇലക്ട്രിക്കൽ സെക്ഷൻ ഓഫീസ്, മേലാമുറി, പാലക്കാട്.

(ഡി) കെ.എസ്.ഇ.ബി. ബോർഡിൽ അപേക്ഷ കിട്ടിയിട്ടുണ്ട്.

(ഇ) സൗകര്യപ്രദമായ മൂന്ന് കെട്ടിടങ്ങൾ പരിശോധിച്ച് വരികയാണ്. അനുയോജ്യമായ കെട്ടിടം തീരുമാനിച്ചു കഴിഞ്ഞാൽ ഉടൻതന്നെ മാറുന്നതിന് വേണ്ട നടപടി സ്വീകരിക്കുന്നതാണ്.

പാലക്കാട് ജില്ലയിലെ വ്യവസായ സ്ഥാപനങ്ങൾക്ക് വൈദ്യുതി കണക്ഷൻ നിയന്ത്രണം

181 [900] ശ്രീ. സി. പി. മുഹമ്മദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ വൈദ്യുതി ക്ഷാമം കണക്കിലെടുത്ത് അനിയന്ത്രിതമായി വൈദ്യുതി ഉപയോഗിക്കേണ്ടി വരുന്നതും ജോലി സാധ്യത കുറവായതുമായ വ്യവസായ സ്ഥാപനങ്ങൾ എത്രയുണ്ടെന്ന് പഠനം നടത്തിയിട്ടുണ്ടോ;

(ബി) എങ്കിൽ പാലക്കാട് ജില്ലയിൽ ഇത്തരത്തിൽ എത്ര കമ്പനികളുണ്ട്;

(സി) ഭാവിയിൽ ഇത്തരം വ്യവസായ സ്ഥാപനങ്ങൾക്ക് വൈദ്യുതി കണക്ഷൻ നൽകുന്നതിന് നിയന്ത്രണങ്ങൾ ഏർപ്പെടുത്തുന്ന കാര്യം പരിശോധിക്കുമോ?

ഉത്തരം

(എ) ഇല്ല.

(ബി) ചോദ്യം ഉദിക്കുന്നില്ല.

(സി) 17-12-1996-ന് ശേഷം പവർ അലോക്കേഷൻ നൽകിയിട്ടുള്ള എച്ച്.റ്റി./ഈ.എച്ച്.റ്റി. പവർ ഇന്റൻസീവ് വ്യവസായങ്ങളുടെ പീക്ക് ടൈമിലുള്ള (വൈകുന്നേരം 6.00 മുതൽ രാത്രി 10.00 മണി വരെ) വൈദ്യുതി ഉപയോഗത്തിന് നിലവിലുള്ള വൈദ്യുതി നിരക്കിന്റെ ഇരട്ടി ചാർജ്ജ് ഈടാക്കുന്നതിന് വ്യവസ്ഥയുണ്ട്. ഈ നിബന്ധന നിലവിലുള്ള എച്ച്.റ്റി./ഈ.എച്ച്.റ്റി. പവർ ഇന്റൻസീവ് വ്യവസായങ്ങളുടെ അഡീഷണൽ പവർ അലോക്കേഷനും ബാധകമായിട്ടുണ്ട്. ഭാവിയിൽ ഇത്തരം വ്യവസായ സ്ഥാപനങ്ങൾക്ക് വൈദ്യുതി കണക്ഷൻ നൽകുന്നതിന് ആവശ്യമായ നിയന്ത്രണങ്ങൾ ഏർപ്പെടുത്തുന്ന കാര്യം കേരള സ്റ്റേറ്റ് റഗുലേറ്ററി കമ്മീഷന്റെ അധികാര പരിധിയിൽപ്പെടുന്ന കാര്യമാണ്.

കുളനട ബ്ലോക്കിലെ അസിസ്റ്റന്റ് എഞ്ചിനീയറുടെ നിയമനവും വികസന പ്രവർത്തനങ്ങളും

182 [913] ശ്രീമതി മാലേത്ത് സരളാദേവി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പത്തനംതിട്ട ജില്ലയിലെ കുളനട ബ്ലോക്കിൽ അസിസ്റ്റന്റ് എഞ്ചിനീയർ തസ്തിക നാളുകളായി ഒഴിഞ്ഞുകിടന്നതിനാൽ എം.എൽ.എ. ഫണ്ടിന്റെ ഉപയോഗവും മറ്റു വികസന പ്രവർത്തനങ്ങളും സ്തംഭനാവസ്ഥയിലായത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഈ ഒഴിവ് എന്നത്തേക്ക് നികത്താനാകും എന്നു വ്യക്തമാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly

അനുബന്ധം XIX

[5-7-2004-ലെ നക്ഷത്രചിഹ്നമിടാത്ത ചോദ്യം 180 (877) ഉത്തരമായി കാണുക]

ACTION TAKEN FOR DEVELOPMENT OF THIRUVANANTHAPURAM INTERNATIONAL AIRPORT SINCE MAY 2001

1. New Flight information Display System
2. Introduction of state-of-art new X-BIS system along with DFMDS and DHMDs to improve baggage screening and passenger secruity
3. Introduction of entertainment TV
4. Additional seating arrangements
5. Improvement in air-conditioning
6. Renovation of Reserved Launge
7. Renovation/modification of toilet block in Domestic arrival
8. Ramp facility to facilitate Physically challenged passengers and trolley movement
9. Introduction of touch-free security system
10. Provision of signage.
11. Action in hand to replace the flooring with vitrified tiles
12. Action in hand to replace the existing canopy and provide false ceiling on the city side
13. Commissioning of additional parking stands
14. High mast lighting system on the air-side to improve lighting and security
15. Replacement of perimeter wall
16. Re-carpeting of runway, taxiway and parking stands
17. Improvement in lux level
18. Free telephones in the security hold area
19. Action in hand to add more trolleys
20. Development of car park area
21. Introduction of surveillance TV

LIBRARY ARCHIVES Kerala Legislative Assembly